പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 185

23.01.2018-ലെ മറുപടിയ്ക്ക്

**ദളിത് വിദ്യാർത്ഥിക്ക് ലോക്കപ്പ് മർദ്ദനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ആന്റണി ജോൺ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | 2016 ഡിസംബർ 5-ാം തീയതി അമൽരാജ് എന്ന ദളിത് വിദ്യാർത്ഥിക്ക് കോതമംഗലം പോലീസ് സ്റ്റേഷനിൽ ലോക്കപ്പ് മർദ്ദനം ഏറ്റതുമായി ബന്ധപ്പെട്ട കേസ് നിലവിൽ ഉണ്ടോ ; എങ്കിൽ പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കാമോ ; | (എ) | ഉണ്ട്. കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം 80/16 u/s 326, 323, 324, 341, 294(b), 506, 34 IPC & Sec.3(1),VIII, X of SC/ST Act പ്രകാരം 11.01.2016 തീയതി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്. അന്വേഷണത്തിൽ പരാതി ശരിയല്ലെന്ന് കണ്ട് ടി കേസ് ഫാൾസ് ആയി പരിഗണിച്ച് ബഹു. കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | ഈ കേസിൽ പുനരന്വേഷണം ആവശ്യപ്പെട്ട് അമൽ രാജിന്റെ സഹോദരൻ അരുൺരാജ് നൽകിയ പരാതിയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ; | (ബി) | കേസിന്റെ പുനരന്വേഷണം ആവശ്യപ്പെട്ട് നൽകിയ പരാതി വിശദമായി പരിശോധിക്കുന്നതിനായി മൂവാറ്റുപുഴ ഡി.വൈ.എസ്.പി ക്ക് നൽകിയിട്ടുള്ളതും ടി പരാതി പരിശോധിച്ചതിൽ പരാതി വാസ്തവ വിരുദ്ധമാണെന്ന് കണ്ട് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ലാത്തതുമാണ്. |
| (സി) | ഈ കേസുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ പരാതിക്കാരനെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ? | (സി) | അറിയിച്ചിട്ടുണ്ട്. ടി കേസ് ഫാൾസ് ആയി റഫർ ചെയ്തിട്ടുള്ള വിവരം അറിയിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ